പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . 33. 11/06/2013 ൽ മറുപടിക്ക്

# കായംകുളം വൈദ്യുതി നിലയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കെ.സദാശിവൻ<br>„ എ.കെ. ബാലൻ<br>„ പ്രൊഫ. സി. രവീന്ദ്രനാഥ്<br>„ എസ്.ശർമ്മ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) എറണാകുളത്ത് പണി പൂർത്തിയായി വരുന്ന എൽ.എൻ.ജി. ടെർമിനൽ ഉപയോഗപ്പെടുത്തിക്കൊണ്ട് എത്ര വൈദ്യുത പദ്ധതികളാണ് ഉദ്ദേശിക്കുന്നത്; | (എ) എറണാകുളത്ത് പണി പൂർത്തിയായി വരുന്ന LNG ടെർമിനൽ ഉപയോഗപ്പെടുത്തിക്കൊണ്ട് 1026 MW ശേഷിയുള്ള ബ്രഹ്മപുരം പദ്ധതി, RGCCPP കായംകുളം പദ്ധതി (1050 MW), പുതുവൈപ്പിൻ പദ്ധതി (1200 MW) എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ കായംകുളം RGCCPP യിൽ നിലവിലുള്ള 360 MW ന്റെ നിലയത്തിന്റേയും BSES ന്റെ കൊച്ചിയിലുള്ള 157 MW ന്റെ നിലയത്തിന്റേയും ഇന്ധനം LNG യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതും പരിഗണിച്ചുവരുന്നു. കാസർഗോഡുള്ള ചീമേനിയിൽ കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ പ്രകൃതിവാതകം അധിഷ്ഠിതമായി മറ്റൊരു വൈദ്യുത പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) കായംകുളം പദ്ധതി വിപുലീകരണത്തിന് എൽ.എൻ. ജ ി . ഉപയോഗിക്കുന്നുണ്ടോ; നിലവിൽ വിപുലീകരണിന് തടസ്സങ്ങളുണ്ടോ ; വിശദമാക്കുമോ ; | (ബി) കായംകുളം വൈദ്യുത നിലയത്തെ എൽ.എൻ.ജി ഇന്ധനമായി ഉപയോഗിച്ച് വിപുലീകരിയ്ക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ എൽ.എൻ.ജി യുടെ വില കൂടുതലായതിനാലും |

(.....2)

അന്താരാഷ്ട്ര ക്രൂഡോയിൽ വിലയ്ക്ക് ആനുപാതികമായി വില വ്യത്യാസം വരുന്നതിനാലും പവർ പർച്ചെയ്സ് എഗ്രിമെന്റിൽ ഒപ്പുവയ്ക്കുന്നതിനായി

തമിഴനാട്ടും, ആന്ധ്രാപ്രദേശും തയ്യാറാകാത്തതിനാൽ ഇതുവരെയും പവർ പർച്ചെയ്സ് എഗ്രിമെന്റ് ഒപ്പുവച്ചിട്ടില്ല. ഇതാണ് കായംകുളം വിപുലീകരണത്തിനുള്ള പ്രധാന തടസ്സം.

(സി) കായംകുളം പദ്ധതിയിൽ നിന്നും വിലകൂടിയ വൈദ്യുതി എടുക്കുന്നതിനു വരുന്ന നഷ്ടം നികത്തുന്നതിന് പകരമായി കേന്ദ്ര സർക്കാർ നൽകിയിരുന്ന സ്പെഷ്യൽ അലോക്കേഷൻ നിലവിലുണ്ടോ ;

(സി) കായംകുളം പദ്ധതിയിൽ നിന്നും വില കൂടിയ വൈദ്യുതി എടുക്കുന്നതിനായി, താൽച്ചറിൽ നിന്ന് 180 MW കേരളത്തിനും, ഈസ്റ്റേൺ റീജിയണിൽ നിന്ന് 180 MW തമിഴ് നാടിനും അനുവദിച്ചിരുന്നു. എന്നാൽ തമിഴ് നാട് ഏകപക്ഷീയമായി കരാറിൽ നിന്ന് പിന്മാറിയതിനാൽ കായംകുളത്തു നിന്നും കേരളം 360 MW വൈദ്യുതിയും എടുക്കേണ്ടി വന്നത് പരിഗണിച്ച് നിലവിലുള്ള 180 MW വൈദ്യുതി കൂടാതെ, അധികമായി 135 MW വൈദ്യുതികൂടി കേരളത്തിന് അനുവദിച്ചു നൽകി, എന്നാൽ അധികമായി അനുവദിച്ച കേന്ദ്ര വൈദ്യുത വിഹിതത്തിൽ 2012 ജൂലൈ മാസത്തിൽ 100 MW ഉം 2013 ഏപ്രിൽ മാസത്തിൽ 35 MW ഉം റദ്ദ് ചെയ്യുകയുണ്ടായി.

| | |
|---|---|
| (ഡി) സ്പെഷ്യൽ അലോക്കേഷന്റെ വ്യവസ്ഥ എൻ.ടി.പി.സിയുമായി പുതുക്കിയ കായംകുളം കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;<br>(ഇ) ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ? | (ഡി) യും (ഇ) യും<br>കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സ്പെഷ്യൽ അലോക്കേഷൻ നിലവിലുള്ള പവർ പർചേസ് എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമല്ല. അത് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കത്ത് പ്രകാരമാണ് ലഭ്യമായിട്ടുള്ളത്. നിലവിലുള്ള കരാർ അതേ രൂപത്തിൽ പുതുക്കുകയാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ